<u>സബ്മിഷൻ</u>

## <u>മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും തടയൽ</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ നിയമഭേദഗതി കൊണ്ടുവന്ന് പൊതുസമൂഹത്തെ രക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. മയക്കുമരുന്ന് മാഫിയകളുടെ ഹബ്ബായി കൊച്ചി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇത് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള കാര്യമാണ്. കഴിഞ്ഞവർഷം ഏകദേശം 550 കേസ്സുകളാണ് കൊച്ചി നഗരത്തിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ മൊത്തത്തിൽ ആയിരക്കണക്കിന് കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിലെ നക്ഷത്ര ഹോട്ടലുകൾപോലും ലഹരി മരുന്ന് ഉപയോഗത്തിന്റെ കുത്തരങ്ങായി മാറുകയാണ്. ഇവിടെയെല്ലാം നടക്കുന്ന നിശാപാർട്ടികളിൽ ലഹരിമരുന്നിന്റെ ഉപയോഗം വ്യാപകമായി നടക്കുന്നുവെന്ന് പോലീസ് കണ്ടെത്തിയിട്ടുള്ളതാണ്. കൊക്കെയ്ൻ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളാണ് ഇവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കോളേജുകളും സ്കൂളുകളും കേന്ദ്രീകരിച്ച് കഞ്ചാവിന്റെ ഉപയോഗം വ്യാപകമായി

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവരെ നിയന്ത്രിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെപോലും ഭീഷണിപ്പെടുത്താനും സ്വാധീനിക്കുവാനും കഴിയുന്ന രീതിയിൽ മയക്കുമരുന്ന് മാഫിയ ശക്തമായിരിക്കുകയാണ്. കേരളത്തിലെ ന്യൂജനറേഷൻ സിനിമാക്കാരും മോഡലുകളും കൊച്ചിയിൽ നടത്തിയ സ്മോക്ക് പാർട്ടിയുടെ വാർത്ത സിനിമാ ലോകത്തിന് പോലും നാണക്കേടുണ്ടാക്കിയിരിക്കുകയാണ്. നമ്മുടെ പുതുതലമുറ മാതൃകയാക്കുന്നവർ ലഹരിമരുന്നിന്റെ പിടിയിലമരുന്നത് സങ്കടകരമായ വസ്തുതയാണ്. 'Foreign Drugs Mafia shifting based to Kerala' എന്ന തലക്കെട്ടോടുകൂടി ജനുവരി 26-ാം തീയതി ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന വാർത്ത ഞെട്ടിക്കുന്നതാണ്. പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ നൈജീരിയക്കാരൻ അടക്കമുള്ള വിദേശികളാണ് പ്രതികളായിട്ടുള്ളത്. അങ്ങയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടത്തുന്ന 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' കാമ്പയിൻ വിജയകരമാണെങ്കിലും മയക്കുമരുന്ന് മാഫിയയുടെ സ്വാധീനം ഇതിനേയും മറികടക്കുന്ന രീതിയിലാണ്. പിടിക്കപ്പെടുന്നവർക്ക് നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപ്പെടുവാൻ കഴിയുന്നത് ഇപ്പോഴത്തെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. 1985-ലെ എൻ.ഡി.പി.എസ്. ആക്ടാണ് മയക്കുമരുന്ന് ഉപയോഗത്തിനും വിൽപ്പനയ്ക്കുമെതിരെ ഇപ്പോൾ

നിലവിലുള്ളത്. മൂന്ന് പതിറ്റാണ്ടായി നിലവിലുള്ള നിയമം ഇതുവരെയും യാതൊരു ഭേദഗതിയും കൊണ്ടുവന്നിട്ടില്ല. ഈ നിയമമനുസരിച്ച് ഒരു കിലോഗ്രാം കഞ്ചാവ് കൈവശം വയ്ക്കുന്നത് ജാമ്യം ലഭിക്കുന്ന കുറ്റമാണ്. 1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ഹാഷിഷും, ചരസും 100 ഗ്രാമും ഹെറോയിനും ബ്രൗൺഷുഗറും അഞ്ച് ഗ്രാമും ഡയസ്പാം 20 ഗ്രാമും ഓപ്പിയം 2.5 ഗ്രാമും മോർഫിൻ അഞ്ച് ഗ്രാമും... ഇതിൽ താഴെ മയക്കുമരുന്ന് കൈവശംവച്ചാൽ ജാമ്യം കിട്ടുന്ന കുറ്റമായി മാറുകയാണ്. ചെറിയ അളവിൽ മയക്കുമരുന്ന് കൈവശംവച്ചാലും വലിയ ശിക്ഷ കൊടുക്കുന്ന നിയമം വന്നാൽ മാത്രമേ ഈ മാഫിയകളെ നിയന്ത്രിക്കുവാനും ഇല്ലാതാക്കുവാനും കഴിയുകയുള്ളൂ. 1985-ലെ എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി കൊണ്ടുവരുവാൻ അടിയന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും സംബന്ധിച്ച് നിരവധി റിപ്പോർട്ടുകൾ സമീപകാലത്ത് ആഭ്യന്തരവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാമൂഹ്യവിപത്തിനെതിരെ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ്, എക്സൈസ് വകുപ്പുകൾ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇതിനായി 2015 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച സ്പെഷ്യൽ റെയ്ഡിൽ 2836 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 3465 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ മുന്നിലും വിദ്യാലയ പരിസരങ്ങളിലും മയക്കുമരുന്നിന്റെയും പുകയില ഉത്പന്നങ്ങളുടെയും ഉപയോഗവും വ്യാപനവും തടയുകയെന്ന ലക്ഷ്യത്തോടെ 2014 മെയ് മാസത്തിൽ 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതി ആഭ്യന്തര വകുപ്പ് ആരംഭിച്ചു. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി പോലീസ് തുടങ്ങിയ വിഭാഗങ്ങൾ മുഖാന്തരം എക്സൈസ്, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും ബോധവത്ക്കരണം നടത്തി വരുന്നു. സമൂഹത്തിൽ ലഹരിമുക്തി ലക്ഷ്യമിട്ട് സുബോധമെന്ന പേരിൽ മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ പ്രചരണപരിപാടികൾ ആരംഭിച്ചിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവിന്റെ അടിസ്ഥാനത്തിൽ സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെയായി തരംതിരിച്ചിട്ടുണ്ട്. 999 ഗ്രാം വരെയുള്ള കേസ്സുകൾ സ്മാൾ ക്വാണ്ടിറ്റി വിഭാഗത്തിലാണ് വരുന്നത്. നിലവിൽ ഇത്തരം കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ ആറ് മാസം വരെ തടവും പതിനായിരം രൂപവരെ

പിഴയുമാണ്. അഥവാ രണ്ടും കൂടിയാണ്. വിൽപ്പന ഉദ്ദേശ്യത്തോടുകൂടി കൈകാര്യം ചെയ്യുന്ന ഇത്തരത്തിലുള്ള എല്ലാ കേസ്സുകൾക്കും നൽകുന്ന ശിക്ഷയുടെ തോത് വർദ്ധിപ്പിക്കാനും മറ്റും കേന്ദ്ര നിയമത്തിൽ ഭേദഗതികൾ ആവശ്യമാണ്. എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതികൾ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരും നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി ബന്ധപ്പെട്ട് നികുതി വകുപ്പും എക്സൈസും നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ലഹരി മാഫിയയുടെ വേരറുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പഞ്ചനക്ഷത്ര ഹോട്ടലുകളാണെങ്കിലും ആഡംബര നൗകകളാണെങ്കിലും സംസ്ഥാനത്ത് എത്ര ഉന്നത തലത്തിലുള്ള ഡി.ജെ. പാർട്ടികളാണെങ്കിലും അവിടെ മയക്കുമരുന്നിന്റെ ഉപയോഗമുണ്ടെങ്കിൽ പോലീസ് പരിശോധിക്കുകയും ശക്തമായ നടപടിയെടുക്കുകയും ചെയ്യും. കോളേജ് ഹോസ്റ്റലുകളിൽ സാധാരണ പോലീസ് കയറാറില്ല. എന്നാൽ മയക്കുമരുന്നുണ്ടെന്ന വിവരം ലഭിച്ചാൽ അനുവാദമില്ലാതെയും പോലീസ് കയറി ശക്തമായ നടപടികൾ സ്വീകരിക്കും. നമ്മുടെ സംസ്ഥാനത്തെ മയക്കുമരുന്ന് മാഫിയയുടെ വേരറുക്കാൻ കഴിയത്തക്ക നിലയിലുള്ള ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട്പോകും. ഇക്കാര്യത്തിൽ വ്യാപകമായ തിരച്ചിൽ നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആന്ധ്ര, തമിഴ്നാട്, നോർത്ത്

ഈസ്റ്റ് ഒറീസ്സ തുടങ്ങിയ സംസ്ഥാനങ്ങളിൽ കഞ്ചാവ് കൃഷി ചെയ്ത് ഇടുക്കി വഴി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. കാരണം ഇടുക്കിയിൽ കഞ്ചാവിന് മാർക്കറ്റിൽ വലിയ പ്രിയമാണ്. അത് തടയാൻ അതിർത്തികളിൽ വേണ്ടനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഇങ്ങനെ കൊണ്ടുവരുന്ന ആളുകളുടെ പേരിൽ പോലീസ് കർശന നടപടികളെടുത്തുവരികയാണ്. ഇതിനുവേണ്ടി അതിർത്തി ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മയക്കുമരുന്ന് വിതരണം ചെയ്യുന്നത് തടയാനും അതൊരു കച്ചവടമായി നടത്തുന്ന നടപടികളെ നിരുത്സാഹപ്പെടുത്താനുമാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്. ട്രെയിനുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിലെല്ലാം കർശനമായ പരിശോധന നടത്താൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗൗരവത്തോടുകൂടിയാണ് ഇതിനെ കാണുന്നത്. 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പരിപാടിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ബ്രാന്റ് അംബാസിഡറായ ശ്രീ. മമ്മൂട്ടിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോട് വച്ച് വിപുലമായ ഒരു പരിപാടി ജൂലൈ മാസം അവസാനം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ഇടുക്കി ജില്ലയിൽ തമിഴ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കൽ**

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലമായ ദേവികുളത്ത്, മൂന്നാർ പഞ്ചായത്തും ദേവികുളം പഞ്ചായത്തും വരുന്ന മേഖലകളിൽ കൂടുതലും തോട്ടം തൊഴിലാളികളാണുള്ളത്. അവിടെ തമിഴ് ഭാഷ സംസാരിക്കുന്ന മേഖലയിൽ അഞ്ച് ഹൈസ്കൂളുകളും രണ്ട് പ്ലസ് ടു സ്കൂളുകളുമാണുള്ളത്. അതും ഉൾപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. യാത്രാ സൗകര്യങ്ങളില്ലാത്തതുകൊണ്ട് മിക്കവാറും ആ സീറ്റുകൾ പൂർണ്ണമായും ഫിൽ ചെയ്യപ്പെടാറില്ല. മൂന്നാറിൽ രണ്ട് ഹൈസ്കൂളുണ്ട്, അവിടെ പ്ലസ് ടു ഇല്ല. അതുകൊണ്ട് മൂന്നാർ പട്ടണത്തിലെ ഗവൺമെന്റ് ഹൈസ്കൂളിൽ തമിഴ് പ്ലസ് വൺ, പ്ലസ് ടു അനുവദിക്കാനും ഗുഡാർവിള സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി അനുവദിക്കാനും നടപടി സ്വീകരിക്കണം. അതുപോലെ അടിമാലി പട്ടണത്തിൽ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു ഇല്ല. ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വകുപ്പ് മന്ത്രികൂടി ഇത് ശ്രദ്ധിച്ചാൽ നല്ലതാണ്. അറുപത് ശതമാനത്തോളം വരുന്ന ആദിവാസി കുട്ടികളാണ് അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്നത്. അവിടെ എസ്.എൻ.ടി.പി. യുടെയും ക്രിസ്ത്യൻ മിഷനറിയുടെയും രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളുണ്ട്. എന്നാൽ ഈ ആദിവാസി കുട്ടികൾക്ക് അവിടെ പ്രവേശനം ലഭിക്കാറില്ല. അതുകൊണ്ട് അറുപത്

ശതമാനത്തോളം ആദിവാസി കുട്ടികൾ പഠിക്കുന്ന അടിമാലി ഗവൺമെന്റ് ഹൈസ്കൂൾ പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തുകൊണ്ടാണെങ്കിലും അല്ലാതെയും അവിടെ പ്ലസ് ടു അനുവദിച്ച് തരികയാണെങ്കിൽ വളരെ ഉപകാരമായിരിക്കുമെന്നാണ് പ്രദേശവാസികളുടെ ദീർഘകാലമായ അഭ്യർത്ഥന. അതുകൊണ്ട് ഈ മൂന്ന് സ്ഥലങ്ങളിലും രണ്ട് പ്ലസ് ടു സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 11.06.2013-ലെ ജി.ഒ. (എം.എസ്.) 185/2013 പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാർ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത 148 പഞ്ചായത്തുകളിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനും എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനും അവിടെ നിലവിലുള്ള സർക്കാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ അധിക ബാച്ച് അനുവദിക്കുന്നതിനും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്നുണ്ടായ അനുബന്ധ വിജ്ഞാപനങ്ങളുടെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ

24.11.2014-ലെ ജി.ഒ. (ആർ.ടി.) നമ്പർ 247/2014 പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ഹയർ സെക്കണ്ടറി ബാച്ചുകളും അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. 31.07.2014-ലെ ജി.ഒ. (ആർ.ടി.) നമ്പർ 143/14 പൊ.വി.വ. സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി 24.11.2014-ലെ ജി.ഒ.ആർ.ടി. നമ്പർ 747/2014 പൊ.വി.വ. ഉത്തരവ് പ്രകാരം താല്ക്കാലിക പ്രവർത്തന അനുമതി ലഭിച്ച പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും അധിക ഹയർ സെക്കണ്ടറി ബാച്ചുകൾക്കും വിഷയ കോമ്പിനേഷൻ അനുവദിച്ചുകൊണ്ട് ഹയർ സെക്കണ്ടറി ഡയറക്ടർ 09.03.2015-ൽ ഉത്തരവ് ഇറക്കിയിരുന്നു. ഇടുക്കി ജില്ലയിലെ എയ്ഡഡ് മേഖലയിൽ ഏഴും സർക്കാർ മേഖലയിൽ നാലും കൂടി ആകെ പതിനൊന്ന് സ്കൂളുകൾക്ക് മലയാളം, ഹിന്ദി ഉപഭാഷയായി രണ്ടുവീതം പ്ലസ് ടു ബാച്ച് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ, അധിക ഹയർ സെക്കണ്ടറി ബാച്ച് എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്കൂൾ അധികാരികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സർക്കാർ

ഉത്തരവിലും അതിനോടനുബന്ധിച്ച് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി അതാത് പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി സർക്കാരിന്റെ ധനസ്ഥിതികൂടി കണക്കിലെടുത്ത് പരിഗണിക്കുക എന്നതാണ് നിലവിലെ രീതി. സർക്കാർ എയ്ഡഡ് മേഖലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനം നിലവിലില്ല. ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലായി ചെണ്ടുവാര, വാഗ്വാര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ ബാച്ചുവീതം പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലി പ്രദേശത്ത് എസ്.എൻ.ഡി.പി., വി.എച്ച്.എസ്.എസ്., ഫാത്തിമ മാതാ ഗേൾസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലായി ആകെ ഏഴ് ഹയർ സെക്കണ്ടറി ബാച്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ മൂന്നാർ, ഗുഡാർവിള സർക്കാർ തമിഴ് ഹൈസ്കൂളിൽ വി.എച്ച്.എസ്.സി. ആരംഭിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

## കാട്ടാനശല്യം

ശ്രീ. എം. പി. വിൻസെന്റ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ കിഴക്കൻ

അതിർത്തിയിൽ 20 കിലോമീറ്ററോളം മലയോര മേഖലയാണ്. ആ മലയോര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കാട്ടാനയും പുലികളും പന്നികളുമൊക്കെ ഇറങ്ങി വ്യാപകമായ കൃഷി നാശമുണ്ടാക്കുന്നു. മാത്രമല്ല, വീടുകളിലിരിക്കുന്ന പാവപ്പെട്ട ജനങ്ങളൊക്കെ വളരെയധികം ഭയവിഹ്വലരായിട്ടാണ് അവിടെ വസിക്കുന്നത്. പല പ്രാവശ്യങ്ങളിലായി പല നിയോജക മണ്ഡലങ്ങളിൽനിന്നും ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. അതിന് മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയുമൊക്കെ നല്ല മറുപടി തന്നിട്ടുണ്ടെങ്കിലും ഇത്തരം ശല്യങ്ങൾക്കാവശ്യമായ നടപടികൾ വേണ്ട രീതിയിൽ എടുക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. ഇത് നമ്മുടെ പട്ടിക്കാട് റെയ്ഞ്ചിലും അതുപോലെ മാന്നാമംഗലം റെയിഞ്ചിൽപ്പെട്ട ചുള്ളിക്കാവ്, വെല്ലക്കാരിത്തടം, മൈലാട്ടുംപാറ, ചെളിക്കുഴി എന്നീ പ്രദേശങ്ങളിൽ വ്യാപകമായി കാട്ടാന ശല്യമുണ്ടാക്കുകയാണ്. അവിടെ വീട് തകർക്കുന്നുവെന്ന് മാത്രമല്ല, അവിടെയുള്ള കൃഷി നശിപ്പിക്കുകയാണ്. ഈ കൃഷികളൊക്കെ പാവപ്പെട്ട കർഷകർ ഒരു എൻ.ആർ.എഫ്. ഭൂമി എന്നുപറഞ്ഞ് ഇത് നശിച്ചുകഴിഞ്ഞാൽ ആ നശിപ്പിക്കുന്ന ഭൂമിക്കാവശ്യമായ അല്ലെങ്കിൽ കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നില്ല. അത് ബിൽഡിംഗാണ്. ചെറിയ ചെറിയ വീടുകൾ ആ വീടുകൾ നശിച്ചാൽ അതിന് ഒരു

നഷ്ടപരിഹാരവും കൊടുക്കാൻ കഴിയുന്നില്ല. അതൊക്കെ എൻ.ആർ.എഫ്. ഭൂമി എന്നുപറഞ്ഞ് അത് കിട്ടുന്നില്ല. അവർ വർഷങ്ങളായി പട്ടയത്തിന് അപേക്ഷിച്ചിട്ടും പട്ടയം കൊടുക്കുന്നുമില്ല. ഇത്തരത്തിലുള്ള ഭീകരമായ അക്രമങ്ങൾ വരുമ്പോൾ ആ ആക്രമണത്തിന് ഇവർക്കാവശ്യമായ തുക ചെറിയ രീതിയിലുള്ള തുകയാണെങ്കിൽപ്പോലും അത് കൊടുക്കാനും സർക്കാരിന് കഴിയുന്നില്ല. ഇത് വലിയ വേദനാജനകമായ ഒരു സംഭവമാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ഫോറസ്റ്റ് ഗാർഡുകളെ നിയമിച്ച് ഇവർക്ക് വേണ്ടത്ര സംരക്ഷണ ചുമതലയുണ്ടാക്കാൻ ഫോറസ്റ്റ് മിനിസ്റ്റർ വേണ്ട സൗകര്യം ചെയ്തുകൊടുക്കണം. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട എം.പി. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചതുപോലെ ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ സെൻട്രൽ സർക്കിളിൽപ്പെട്ട തൃശ്ശൂർ പട്ടിക്കാട് ഫോറസ്റ്റ് റെയ്ഞ്ചിനുകീഴിൽ മന്ദാമംഗലം ഫോറസ്റ്റ് സ്റ്റേഷനിലുള്ള വല്ലൂർ, ചുള്ളിക്കാവ്, മരോട്ടിച്ചാൽ, മയിൽക്കുറ്റി, താമരവെണ്ണച്ചാൽ, വെള്ളക്കാരിത്തടം എന്നീ പ്രദേശങ്ങളിൽ മണിയമ്പാറ

സ്റ്റേഷനുകീഴിലുള്ള ചെളിക്കുഴി, വഴുക്കുംപാറ, മയിലാട്ടുംപാറ തുടങ്ങിയ പ്രദേശങ്ങളിലും കാട്ടാനയുടെ ശല്യം വളരെ രൂക്ഷമാണ്. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാം കാട്ടാനകൾ നാട്ടിലിറങ്ങി വ്യാപകമായി കൃഷി നശിപ്പിക്കുന്നതായും ജനവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങി സ്ഥലവാസികൾക്ക് ഭയപ്പാടുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം തന്നെ തൃശ്ശൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ പട്ടിക്കാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ എന്നിവർ അതാത് സമയം പരിശോധന നടത്തി കാട്ടാനശല്യം ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലവാസികളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. ഇതിൽ വല്ലൂർ മുതൽ ചുള്ളിക്കാടുവരെയുള്ള അഞ്ച് കിലോമീറ്റർ ദൂരം പ്രവർത്തന ക്ഷമമാക്കി സൗരോർജ്ജ കമ്പികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് കിലോമീറ്റർ ദൂരം ഉദ്ദേശം രണ്ട് വർഷം മുമ്പും രണ്ട് കിലോമീറ്റർ ദൂരം ഒരു വർഷം മുമ്പും നിർമ്മിച്ചിട്ടുള്ളതാണ്. നിർമ്മിച്ച സ്ഥലത്തുതന്നെ സ്ഥലത്തെ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് സൗരോർജ്ജ വേലിയുടെ പരിപാലനം അവരെ ഏൽപ്പിച്ചിട്ടുള്ളതാണ്. പക്ഷേ വള്ളിപ്പടർപ്പുകളും മറ്റും മൂടി വേലി പ്രവർത്തനക്ഷമമല്ലാതാകുന്നതായിട്ടാണ്

കണ്ടത്. ഫയർ സീസണിൽ വനംവകുപ്പ് നിയോഗിച്ച വാച്ചർമാരുടെ സേവനവും ഉപയോഗിച്ച് ഒരു വലിയ പരിധിവരെ ഇത് പ്രവർത്തന ക്ഷമമാക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലനത്തിനും വനം വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുന്നതിന് ബുദ്ധിമുട്ടുകളുണ്ട്. സ്ഥലം പരിശോധിച്ച വേളയിൽ പ്രദേശ വാസികളടങ്ങുന്ന കമ്മിറ്റിയോട് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഈ സൗരോർജ്ജ വേലികൾ വീണ്ടും പ്രവർത്തനക്ഷമമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ ചുള്ളിക്കാവുമുതൽ വെള്ളരിക്കാതടം വരെയും തുടർന്ന് താമരവെള്ളച്ചാൽ ആദിവാസി കോളനി  വരെയുമുള്ള ഏഴ് കിലോമീറ്റർ ദൂരത്ത് പുതുതായി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനാവശ്യമായ പതിനഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഭാഗത്ത് നിർമ്മിക്കുന്ന സൗരോർജ്ജ വേലി ഗുണഭോക്താക്കൾക്ക് വേണ്ടത്ര വിധത്തിൽ പരിപാലിക്കുന്നതോടെ ഈ ഭാഗത്തെ കാട്ടാനശല്യം പരിഹരിക്കാൻ കഴിയും. തൃശ്ശൂർ വനം ഡിവിഷനിലേയ്ക്ക് 2015 -2016 വർഷത്തെ വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി ഏഴ് ലക്ഷം രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിലുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് 75 അപേക്ഷകൾ ലഭിച്ചു. അതിൽ 30 എണ്ണത്തിന് തീർപ്പുണ്ടാക്കി. 45 എണ്ണത്തിന് തീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നം, ഒരു സാമ്പത്തിക ക്ലേശമാണ്. എല്ലാ സ്ഥലങ്ങളിലും സൗരോർജ്ജ വേലി വേണം, കിടങ്ങുവേണം, മതിൽവേണം എന്നുള്ള പൊതുവായിട്ടുള്ള ആവശ്യമുണ്ട്. ആ ആവശ്യം വളരെ ന്യായവുമാണ്. പക്ഷേ ഇതെല്ലാം വ്യാപകമായ രൂപത്തിൽ കേരളത്തിന്റെ ഏകദേശം മൂന്നിലൊന്ന് ഭൂ ഭാഗം വനമാണ്. അവിടെ ആവശ്യമായ സ്ഥലങ്ങളിലെല്ലാം ഈ വേലി കെട്ടുകയോ അല്ലെങ്കിൽ കിടങ്ങ് കുഴിക്കുകയോ മതിൽ കെട്ടുകയോ ചെയ്യണമെങ്കിൽ വമ്പിച്ച ഒരു തുക വേണം. അതിന്റെ ലഭ്യതയുടെ കുറവാണ് നമുക്കുണ്ടാകുന്ന പ്രശ്നം. ഏതായാലും ഗവൺമെന്റ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.പി. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ഗൗരവത്തോടെ ഇക്കാര്യം നോക്കുന്നതാണ്. ഇതൊടൊപ്പംതന്നെ ഒരു മറുവശംകൂടിയുണ്ട്. ഇന്ന് മലയാള മനോരമ പത്രത്തിൽ ഇവിടെ കാട്ടാനകളെ വേട്ടയാടുന്ന ഒരു സംഘം പ്രവർത്തിക്കുന്നതായി ഒരു വാർത്ത കണ്ടു. ഗവൺമെന്റ് ആ കാര്യം വളരെ ഗൗരവപൂർവ്വമായി എടുക്കുകയാണ്. മാത്രമല്ല, അവിടെ ശ്രീ. സുരേന്ദ്രകുമാർ എ.പി.സി.സി. ഓഫ് വിജിലൻസ്, അദ്ദേഹത്തെ ഞാൻ ആ സ്ഥലത്തേയ്ക്ക് അയച്ചിട്ടുണ്ട്. അദ്ദേഹം പത്ത് ദിവസത്തിനകം റിപ്പോർട്ട് തരണമെന്നാണ് പറഞ്ഞിട്ടുള്ളത്. ആ കേസ് വളരെ ശക്തമായി കൊണ്ടുപോകുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, രണ്ടുമൂന്ന് വർഷക്കാലമായി നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു വിഷയമാണ് ഞാനിവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിൽപ്പെട്ട മൈലം പഞ്ചായത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം കിട്ടാത്തതുകൊണ്ട് അവിടെ വലിയതോതിൽ സമരങ്ങൾ നടന്നുകൊണ്ടരിക്കുകയാണ്. ഈ ബാങ്കിൽ ക്രമക്കേടുകൾ വരുത്തിയവർ ആരുതന്നെയായാലും അവർക്കെതിരെ കർശനമായ നടപടിയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ കൈയ്യിൽ നിന്നും പണം ത്വരിതഗതിയിൽ ഈടാക്കി നിക്ഷേപകരുടെ പണം തിരികെ കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ക്രിമിനൽ കേസുവരെ നിലവിലുണ്ടെങ്കിലും ഇതെല്ലാം ഇഴഞ്ഞിഴഞ്ഞ് പോകുന്ന സ്ഥിതിയാണുള്ളത്. ആറുമാസത്തോളമായി ഭരണസമിതി തന്നെ നിലവിലില്ലാതായിട്ടുണ്ട്. എന്നിട്ടും അതിന്റേതായിട്ടുള്ള ഒരു പ്രോഗ്രസ്സ് വരാതെ നിക്ഷേപകരെല്ലാം സമരത്തിലേക്ക് പോകുന്നു. രാഷ്ട്രീയമായ തലത്തിലേക്ക് ചൂഷണം ചെയ്തുകൊണ്ടുപോകുന്ന സ്ഥിതിയുമുണ്ട്. നിക്ഷേപകരുടെ

പണം അടിയന്തരമായി കൊടുക്കാൻ നടപടിയെടുക്കണം. ഇവിടെ കെ.എസ്.എഫ്.ഇ.- യുടെ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നഷ്ടം വന്നപ്പോൾ സർക്കാർ തന്നെ ഡെപ്പോസിറ്റേഴ്സ് ഇൻഷ്വറൻസ് സ്കീം അനുസരിച്ച് 5 കോടി രൂപ കൊടുത്ത് അവരെ ആശ്വസിപ്പിക്കുന്ന നടപടി എടുത്തതായി ഞാൻ മനസ്സിലാക്കുന്നു. അതുപോലെ ഏതെങ്കിലും ഒരു നടപടിയെടുത്തുകൊണ്ട് പാവപ്പെട്ട നിക്ഷേപകരുടെ പണം എത്രയും പെട്ടെന്ന് കൊടുക്കുവാനും ഇതിൽ കുറ്റക്കാരായവർ ആരാണെങ്കിലും അവർക്കെതിരെ കർശനമായ നടപടിയെടുത്ത് മാതൃകാപരമായിട്ടുള്ള ശിക്ഷ കൊടുക്കാൻ അതിവേഗത്തിലുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള അഴിമതികൾ, സാമ്പത്തിക ക്രമക്കേടുകൾ, ഓഡിറ്റിനോടനുബന്ധിച്ച് നല്കിയ സ്പെഷ്യൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമവകുപ്പ്- 65 പ്രകാരം

അന്വേഷണം നടത്തിയതിൽ സാമ്പത്തിക ക്രമക്കേടുകളിൽ ഉത്തരവാദിയെന്ന് കണ്ടെത്തിയ ബാങ്കിന്റെ മുൻ സെക്രട്ടറി ശ്രീ. എം. ജി. വിജയകുമാർ, ബാങ്കിന്റെ മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായർ എന്നിവരിൽ നിന്നും യഥാക്രമം 90,87,154/-രൂപയും 24,520/-രൂപയും ഈടാക്കുന്നതിന് കൊല്ലം ജോയിന്റ് രജിസ്ട്രാർ(ജനറൽ) സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സർചാർജ് ഉത്തരവ് നടപ്പാക്കി തുക ഒഴിവാക്കുന്നതിന് നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ഫ്രഷ് ഓഡിറ്റ് റിപ്പോർട്ടിന്റെയും 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം റൂറൽ പോലീസ് 913/13 നമ്പരായി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. 31.03.2014-ലെ കണക്കുകൾ പ്രകാരം ബാങ്കിൽ നിക്ഷേപ ബാക്കി നില്പ് 12 കോടി രൂപയും വായ്പാ ബാക്കി നില്പ് 4.17 കോടി രൂപയുമാണ്. നിക്ഷേപകരുടെ നിക്ഷേപം തിരികെ കൊടുക്കുന്നതിനാവശ്യമായ നടപടികളൊന്നും സ്വീകരിക്കാതിരിക്കുകയും കേരള സഹകരണനിയമം ചട്ടം ബൈലോ എന്നിവ പ്രകാരം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതല നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ചെയ്ത നിലവിലുണ്ടായിരുന്ന ഭരണസമിതിയെ സഹകരണ

നിയമപ്രകാരം സസ്പെൻഡ് ചെയ്യുകയും വകുപ്പ് ഉദ്യോഗസ്ഥന്മാർ അടങ്ങിയ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 30-01-2015-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണനിയമവകുപ്പ് 66(1) പ്രകാരം ഉത്തരവായ പരിശോധനാ നടപടികൾ യഥാസമയം പൂർത്തിയാക്കി റിപ്പോർട്ടുകൾ സമർപ്പിക്കാൻ വീഴ്ചവരുത്തിയതിന് കൊട്ടാരക്കര സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറലിനെ) സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് കുടിശ്ശികയായതും എടുക്കാൻ ബാക്കി നില്പുള്ളതുമായ സ്വർണ്ണ ഉരുപ്പടികൾ രണ്ടുതവണയായി പരസ്യലേലം ചെയ്ത് സംഘത്തിൽ മുതൽക്കൂട്ടിയിട്ടുണ്ട്. ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് തുടർ നടപടികളുടെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാർ വിളിച്ചുചേർത്ത അവലോകന യോഗത്തിന്റെ നിർദ്ദേശപ്രകാരം 2015-മേയ് മാസത്തിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കുകയും 4,80,000/- രൂപയുടെ വായ്പ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയായ വായ്പ ഈടാക്കുന്നതിന് 2.14 കോടി രൂപയുടെ 166 ആർബിട്രേഷൻ കേസുകൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഫയൽ ചെയ്യുകയും നിലവിലുണ്ടായിരുന്ന 12 എക്സിക്യൂഷൻ കേസുകൾ 15,93,095/-രൂപയ്ക്കുള്ള ജപ്തി

നടപടികൾ സ്വീകരിക്കുകയും ചെയ്തു. ബാങ്കിന്റെ അക്കൗണ്ട് നിലവിലുള്ള തുക 5% പോലും നല്കുന്നതിന് പര്യാപ്തമല്ല. വരവിന് ആനുപാതികമായി നിക്ഷേപം തിരികെ നല്കുന്ന നടപടികൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സ്വീകരിച്ചു വരികയാണ്. ബാങ്കിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് സമഗ്രമായ അന്വേഷണം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തിരം നടത്തുന്നതിനും ധനാപഹരണത്തിനും സാമ്പത്തിക ക്രമക്കേടിനും ഉത്തരവാദികളായവർക്ക് എതിരെ നിയമ നടപടികൾ ഊർജ്ജിതപ്പെടുത്തിയും സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തിയും നിക്ഷേപകരുടെ നിക്ഷേപം തിരികെ നല്കുന്നതിനും ബാങ്കിൽ ലഭിക്കുന്ന പണം ഈടാക്കിയെടുക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ കർശന നിർദ്ദേശങ്ങൾ നല്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>വാളയാർ-മണ്ണുത്തി ദേശീയപാത വികസനം</u>

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, നാടിന്റെ വികസനത്തിനായി കൃഷിസ്ഥലവും കിടപ്പാടവും ജീവനോപാധികളും വിട്ടുനല്കിയ പാലക്കാട്ടെ ജനതയോട് ദേശീയപാത വികസനത്തിന്റെ പേരിൽ കടുത്ത വഞ്ചനയും നീതിയും നിഷേധവുമാണ് സർക്കാർ കാട്ടുന്നത്. വാളയാർ-മണ്ണുത്തി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള പണി 70% പോലും പൂർത്തിയാക്കിയിട്ടില്ല. എന്നാൽ വാളയാറിൽ ടോൾ പ്ലാസ പണിത് മേയ് 22 അർദ്ധരാത്രി മുതൽ വൻതുക ടോൾ പിരിവ് നിർമ്മാണ കമ്പനി ആരംഭിച്ചു. അപ്രതീക്ഷിതമായ ഈ പിരിവിനെതിരെ വൻ പ്രതിഷേധമാണ് നാട്ടിൽ ഉയർന്നുവന്നത്. നിർമ്മാണം പൂർത്തിയാകുംമുൻപുള്ള ടോൾ പിരിവ് മാത്രമല്ല; ദേശീയപാത വികസനത്തിന് നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തിയിട്ടുള്ളതാണ് പ്രവൃത്തികൾ. മേൽപ്പാലങ്ങളും കീഴ് പാലങ്ങളും സർവ്വീസ് റോഡുകളും തെരഞ്ഞെടുത്തിട്ടുള്ളതും നിർമ്മിച്ചിട്ടുള്ളതും എല്ലാം അശാസ്ത്രീയവും പ്രദേശത്തെ ജനങ്ങളെ ഒറ്റപ്പെടുത്തുന്ന നിലയിലുമാണ്. രാമശ്ശേരി ജംഗ്ഷൻ, കായികപ്പറമ്പ് ജംഗ്ഷൻ, കണ്ണന്നൂർ ജംഗ്ഷൻ, കുഴൽമന്ദം ബസാർ റോഡ്, ആലത്തൂർ ബസാർ റോഡ് എന്നിവിടങ്ങളിൽ മേൽപ്പാലം ഒഴിവാക്കിയപ്പോൾ എരുമയൂരിലും ചിതലിക്കും ഇടയിൽ ആവശ്യമില്ലാതെ ചിലർക്ക് വേണ്ടിമാത്രം മേൽപ്പാലം നിർമ്മിച്ചിട്ടുണ്ട്. കാൽനടയാത്രക്കാർക്കും കർഷകർക്കും കന്നുകാലികളെയും കാർഷിക

ഉപകരണങ്ങളും പാടത്തേക്ക് കൊണ്ടുപോകുന്നതിനും റോഡ് ക്രോസ്സ് ചെയ്യുന്നതിനും കീഴ് പാലങ്ങൾ ആവശ്യത്തിന് നിർമ്മിച്ചിട്ടില്ല. നാലുവരിപ്പാതയുടെ ലൈനുകളെ വേർതിരിക്കുന്ന മീഡിയനുകൾക്ക് നാലുമീറ്റർ വീതി വേണമെന്ന വ്യവസ്ഥയും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഒരു കിലോമീറ്ററിന് ഒരു മീഡിയൻ കുറയ്ക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. ജനങ്ങളുടെ ബുദ്ധിമുട്ടൊഴിവാക്കാൻ സർവ്വീസ് റോഡുകൾ വേണമെന്ന വ്യവസ്ഥയും കാറ്റിൽ പറത്തിയിരിക്കുകയാണ്. ഇത് വാളയാർ, കഞ്ചിക്കോട്, ചന്ദ്രനഗർ, കണ്ണന്നൂർ, കുഴൽമന്ദം, ആലത്തൂർ എന്നിവിടങ്ങളിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യമാണ്. റോഡ് ഉപരിതലത്തിന്റെ ഇരുപുറവുമുള്ള പാർശ്വങ്ങൾക്ക് നിശ്ചയിക്കപ്പെട്ട വീതി നല്കിയിട്ടില്ല. 50 കിലോ മീറ്ററിൽ ഒന്ന് എന്ന നിലയിൽ വേണ്ട ലോറി പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. ആവശ്യാനുസരണം ബസ് സ്റ്റോപ്പുകളും പാസഞ്ചർ ഷെൽട്ടറുകളും പണിതിട്ടില്ല. അതുപോലെതന്നെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചും പരാതികളുണ്ട്. ഞാൻ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രിക്കും രണ്ട് എം.പി. മാർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും കത്തയച്ചിട്ടുണ്ട്.

ഇതിൽ വലിയൊരു ഭാഗം എന്റെ മണ്ഡലത്തിലാണ് വരുന്നത്. ഏറ്റവും കൂടുതൽ ആക്സിഡന്റ് ഉണ്ടാകുന്ന സ്ഥലമാണ് ആലത്തൂർ കിണ്ടിമുക്ക് എന്നുപറയുന്ന സ്ഥലം. അവിടെ ഇനിയും ആക്സിഡന്റ് കൂടാനാണ് സാധ്യത. ഇപ്പോഴുള്ള പാലത്തിന്റെ സ്ഥിതി നോക്കിയാൽ വരുന്ന വാഹനം തീരെ കാണില്ല. ആ രൂപത്തിലാണ് പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കളക്ടർക്കും ഇത് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഞാൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ അവർ അവിടെ പോയി അന്വേഷിച്ചപ്പോൾ അവർക്ക് ബോധ്യപ്പെട്ടതാണ്. ആയതിനാൽ ദേശീയപാത നിർമ്മാണത്തിന് അപാകതകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. സംസ്ഥാനം ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. സാധാരണ നിലയിലുള്ള പി.ഡബ്ള്യൂ.ഡി. യുടെ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ ടെക്നിക്കൽ നോഹൗ പോലും അറിയാത്തവരാണ് ഈ എൻ.എച്ച്. നിർമ്മാണത്തിന് നേതൃത്വം കൊടുത്തിരിക്കുന്നതും സാങ്കേതിക ഉപദേശം കൊടുത്തിട്ടുള്ളതും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിനെതിരെ ശക്തമായ നിലപാടെടുക്കുകയും ടോൾ പിരിവ് അവസാനിപ്പിക്കുകയും വേണം. ഇതെല്ലാം

പരിഹരിച്ചിട്ട് ടോൾ പിരിവ് നടത്തിയാൽ മതി.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത 47-ന്റെ ഭാഗമായ വാളയാർ മുതൽ വടക്കാഞ്ചേരിവരെയുള്ള 53.89 കി.മീ. നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് ദേശീയപാത വികസന അതോറിയാണ്. ഈ പ്രവൃത്തി 18-05-2013-ൽ ആരംഭിച്ച് 13-11-2015-ൽ പൂർത്തികരിക്കുന്നതിനാണ് വിഭാവനം ചെയ്തരിക്കുന്നത്. ഈ പ്രവൃത്തിയുടെ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം പ്രോജക്ടിന്റെ 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആ ഭാഗം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനും ഈ ഭാഗത്ത് ടോൾ പിരിവ് ആരംഭിക്കുന്നതിനും കൺസ്ട്രക്ഷൻ കമ്പനിക്ക് നിയമപരമായ അവകാശമുണ്ട്. ആകെയുള്ള 53.89 കിലോമീറ്റർ റോഡിൽ 46.75 കി.മീ. ഭാഗത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കൺസ്ട്രക്ഷൻ കമ്പനി 23-05-2015 മുതൽ ടോൾ പിരിവ് ആരംഭിക്കുകയുണ്ടായി. ഇതിനെതിരായി തദ്ദേശവാസികൾ കൺസ്ട്രക്ഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരാത്ത ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിഷേധമുയർത്തിയതിനാൽ ടോൾ പിരിവ് താല്ക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ ജനപ്രതിനിധികളുടെയും രാഷ്ട്രീയനേതാക്കളുടെയും സാന്നിധ്യത്തിൽ

പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷണർ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ലെന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയുമുണ്ടായി. കൺസഷണർ എഗ്രിമെന്റിൽ വരുന്ന ബാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും കൺസഷണർ കമ്പനി അറിയിക്കുകയുണ്ടായി. തുടർന്ന് 02-06-2015 മുതൽ ടോൾ പിരിവ് പുനരാരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ചൂണ്ടിക്കാട്ടിയ പാത നിർമ്മാണത്തിലെ അപാകതകൾ കൺസഷണർ എഗ്രിമെന്റിന്റെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാൻ കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രത്യേകമായി കേന്ദ്രഗവൺമെന്റിനെയും നാഷണൽ ഹൈവേ ഓഫ് അതോറിറ്റി ഓഫ് ഇന്ത്യയെയും അറിയിക്കുന്നതും നടപടിയുണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്. 75 ശതമാനം പണി പൂർത്തീകരിച്ചാൽ ആ ഭാഗത്ത് ടോൾ പിരിവ് നടത്താമെന്ന് എഗ്രിമെന്റിലുണ്ട്. സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റും വച്ചിട്ടുള്ളതാണ്. അതാണ് ടോൾ പിരിവിന് ഇപ്പോൾ അവർക്ക് പിൻബലം നൽകുന്ന പ്രധാന സംഗതി. കളക്ടറുമായി നടത്തിയ സംഭാഷണത്തിൽ അവിടത്തെ

ആക്ഷൻ കമ്മിറ്റിക്കാരും ഇക്കാര്യത്തെ സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ട്. ഈ സബ്മിഷൻ കിട്ടിയ ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട് കളക്ടറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥന്മാരെയുമെല്ലാം ബന്ധപ്പെട്ട് ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ള അണ്ടർ പാസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡി.പി.ആർ.-ൽ ഉണ്ട്. കൺസഷണർ എഗ്രിമെന്റിലുണ്ടുണ്ടെങ്കിൽ അത് ഉടനെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം തടയൽ**

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ആരോഗ്യരംഗത്ത് മാരകമായ ജീവിതശൈലീ രോഗങ്ങളും മറ്റ് ഇതര രോഗങ്ങളും വളരെക്കൂടുതലായി കേരളത്തെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. രോഗങ്ങളുടെയും രോഗികളുടെയും എണ്ണം വർദ്ധിക്കുന്നത് വളരെ കൂടുതലായതുകൊണ്ട് നമ്മുടെ സർക്കാർ ആശുപത്രികൾക്ക് പര്യാപ്തമായ ചികിത്സ കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. അതുപോലെ സർക്കാർ ലാബുകൾക്കും ആവശ്യമായ സൗകര്യം കൊടുക്കാൻ കഴിയാത്തൊരവസ്ഥയുള്ളതിനാൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായും സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയുമൊക്കെ

ആശ്രയിക്കേണ്ടിവന്നിരിക്കുകയാണ്. രോഗം വർദ്ധിക്കുമ്പോൾ സ്വകാര്യ ലാബുകളിലേക്കും സ്വകാര്യ ആശുപത്രികളിലേയ്ക്കും പോകുന്ന രോഗികളുടെ എണ്ണം വളരെയധികം വർദ്ധിക്കുമ്പോൾ ചില ആശുപത്രികളിലെ ലാബുകളൊക്കെത്തന്നെയും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് അംഗീകരിക്കുന്നു. എന്നാൽ വളരെയധികം സ്വകാര്യ ആശുപത്രികളും സ്വകാര്യ ലാബുകളും ജനങ്ങളെ ചൂഷണം ചെയ്യുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അക്രഡിറ്റേഷനോ അംഗീകാരമോ ഇല്ലാത്ത പല ആശുപത്രികളും സ്വകാര്യ സ്ഥാപനങ്ങളുമൊക്കെ നമ്മുടെ സംസ്ഥാനത്ത് വളർന്നുവരികയാണ്. ഇങ്ങനെയൊരവസ്ഥയിൽ മാരക രോഗങ്ങളുണ്ടാകുമ്പോൾ അവ ചികിത്സിച്ച് ഭേദപ്പെടുത്താമെന്നും വന്ധ്യത മാറ്റിക്കൊടുക്കാമെന്നുമൊക്കെ പറഞ്ഞ് ചില സ്ഥാപനങ്ങൾ ഉയർന്നുവരുന്നു. ഒരുപക്ഷേ മാറ്റാൻ പറ്റാത്ത രോഗങ്ങൾപോലും മാറ്റാമെന്ന് പറയുന്ന നിലയിലുള്ള പരസ്യങ്ങളൊക്കെ നൽകി ആളുകളെ ആകർഷിക്കുകയാണ്. അങ്ങനെ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ നിലവാരത്തെ സംബന്ധിച്ചോ അവിടെയുള്ള സേവനങ്ങളെ സംബന്ധിച്ചോ അവിടെ ഈടാക്കുന്ന ഫീസിനെ സംബന്ധിച്ചോ ഒരു ഏകീകരണവുമില്ലെന്നുള്ളത് വളരെ വിഷമകരമായ ഒരു കാര്യമാണ്. 2013-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ

നിയന്ത്രണം എന്ന ബിൽ ഇവിടെ സർക്കുലേഷനുവേണ്ടി കൊടുക്കുകയുണ്ടായി. ആ ബിൽ ഇതുവരെ നിയമമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് ഗൗരവമായി ശ്രദ്ധിക്കുകയും ഇക്കാര്യങ്ങളൊക്കെ നിയന്ത്രിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുകയും ചെയ്യുണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുമ്പോൾ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ പ്രവർത്തനത്തിൽ സർക്കാരിന്റെ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നതാണ്. അതോടൊപ്പം ഇക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ 250-ഓളം ലാബുകൾ പി.എച്ച്.സി. തലത്തിൽ തുടങ്ങുന്നതിലേക്ക് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനവ്യാപകമായി പരിശോധനകൾ നടത്തി

വരികയാണ്. കൂടുതൽ ലാബുകൾ പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് പരിശോധന നടത്തുന്നത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാകുന്നതോടുകൂടി കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് ഒരു യാഥാർത്ഥ്യം. ഈ ബിൽ ഇപ്പോഴത്തെ സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള പരിശ്രമം നടത്തുന്നതാണ്.

**<u>കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ</u>**

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യരംഗം വളരെ ശോചനീയമായ അവസ്ഥയിലാണ്. ജില്ലയിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളുമില്ലാത്ത സാഹചര്യമാണുള്ളത്. 50 വർഷത്തിലേറെയായി നിലനിൽക്കുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്നത്. അതിന്റേതായ എല്ലാ കുറവുകളും ഈ മേഖല നേരിട്ടുകൊണ്ടിരിക്കുകയാണ്. പകർച്ചവ്യാധികൾ, പ്രത്യേകിച്ച് ഡെങ്കിപ്പനി ബാധിച്ച് ദിനംപ്രതി നൂറുകണക്കിനാളുകൾ

ആശുപത്രിയിൽ എത്തുന്നുണ്ടെങ്കിലും ഇത് നേരിടുന്നതിന് സർക്കാർ ആശുപത്രികൾ സജ്ജമല്ല. ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ 210 ഡോക്ടർമാരുടെ തസ്തികയുള്ളതിൽ 60 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. 63 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വേണ്ടിടത്ത് വെറും 39 പേർ മാത്രമാണ് ജില്ലയിലുള്ളത്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽത്തന്നെ 11 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും 6 അസിസ്റ്റന്റ് സർജൻമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. ജില്ലയിലെ ഹോമിയോപ്പതി ആശുപത്രികളിൽ സൂപ്രണ്ട് ഉൾപ്പെടെ 10 ഡോക്ടർമാരുടെയും 13 ഫാർമസിസ്റ്റുമാരുടെയും 5 നഴ്സുമാരുടെയും 7 അറ്റന്റർമാരുടെയും ഒഴിവുകളുണ്ട്. ആയുർവേദ ആശുപത്രികളിൽ 6 ഡോക്ടർമാരുടെയും 4 ഫാർമസിസ്റ്റുമാരുടെയും ഒഴിവുകൾ നികത്തിയിട്ടില്ല. ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയെങ്കിലും അതിനാവശ്യമായ സഹായം കാരുണ്യ പദ്ധതിയിൽനിന്ന് ലഭിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ കോർപ്പറേഷൻ ഉപകരണങ്ങൾ സ്ഥാപിക്കാത്തതുകൊണ്ട് ഇപ്പോഴും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ട്രോമാ സെന്റർ ആന്റ് എമർജൻസിയുടെ പ്രവർത്തനം ഇതുവരെയും തുടങ്ങിയിട്ടേയില്ല. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിൽ ജനററേറ്റർ

സ്ഥാപിച്ചിട്ടില്ലെന്ന ഒറ്റക്കാരണംകൊണ്ട് എല്ലാ മിഷിനറിയും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവിടെ ഇത് നടപ്പിലാക്കാൻ സംവിധാനമില്ല. അതുകൊണ്ട് ജനറേറ്റർ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിരന്തരമായി ആവശ്യപ്പെടുന്നുണ്ടെങ്കിലും അത് നടപ്പാക്കുന്നില്ലെന്നതാണ് സ്ഥിതി. നേരത്തെ ആരോഗ്യ വകുപ്പുമന്ത്രി ക്യാൻസർ രോഗങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും ക്യാൻസർ ചികിൽസയ്ക്കാവശ്യമായ സൗകര്യമുണ്ടെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്നാൽ എൻഡോസൾഫാൻ ബാധിത മേഖലയായ ജില്ലയിലെ ഒരു ആശുപത്രിയിലും ക്യാൻസർ ചികിത്സക്ക് ആവശ്യമായ സൗകര്യങ്ങളില്ല. ജില്ലാ ആശുപത്രിയിൽ അതിനാവശ്യമായ സ്ഥലസൗകര്യമൊരുക്കിയിട്ടുണ്ടെങ്കിലും ഓങ്കോളജിസ്റ്റോ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഇല്ലെന്ന സ്ഥിതി നിലനിൽക്കുകയാണ്. ജില്ലാ ആശുപത്രികളിൽ ബി-ഫണ്ട് ആവശ്യത്തിന് അനുവദിക്കാത്തതിനാൽ പാൽ വിതരണം നിർത്തിവയ്ക്കുമെന്ന് മിൽമയും എസ്.റ്റി. ഫണ്ട് കൃത്യമായി ലഭിക്കാത്തതിനാൽ മരുന്ന് വിതരണം ചെയ്യില്ലെന്ന് കമ്പനികളും അറിയിച്ചതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജില്ലയിൽ ആകെയുള്ള 8 ആംബുലൻസുകളിൽ 4 എണ്ണം ഓടാത്ത അവസ്ഥയിലാണ്. 4 എണ്ണം മാത്രമാണ് ഉപയോഗിക്കാൻ സാധിക്കുന്നത്.

നീലേശ്വരം തൃക്കരിപ്പൂർ ആശുപത്രികളിൽ പദവി ഉയർത്തിയെങ്കിലും കാഷ്വൽറ്റിപോലും അനുവദിച്ചിട്ടില്ല. താലൂക്ക് ആശുപത്രിയില്ലാത്ത വെള്ളരിക്കുണ്ട് താലൂക്കിലെ കുടങ്കല്ലിലെ ഏക സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല. പി.എച്ച്.സി.-യിൽ ഡോക്ടർമാരില്ലാത്തതിനാൽ രോഗം വരുമ്പോൾ ജനങ്ങൾ നെട്ടോട്ടമോടുകയാണ്. പ്രത്യേകിച്ച് കർണ്ണാടക സംസ്ഥാനവുമായി അതിർത്തി മേഖലയിലുള്ള പാണത്തൂർ ഉൾപ്പെടെയുള്ള പി.എച്ച്.സി-യിൽ ഡോക്ടർമാർ ഇല്ലാത്തതിനാൽ ഏകദേശം നൂറോളം ആളുകൾ ജില്ലാ ആശുപത്രിയായ കർണ്ണാടകത്തിലാണ് അഡ്മിറ്റ് ചെയ്തിരിക്കുന്നത്. ഡെങ്കിപ്പനി ബാധിച്ച് മൂന്ന് പേർ മരിക്കുകയും ജൂൺ മാസത്തിൽ മാത്രം ആയിരത്തോളമാളുകൾ ചികിത്സ തേടിയിട്ടും സർക്കാർ ആശുപത്രികൾ നോക്കുകുത്തിയായി മാറുന്ന അവസ്ഥയാണുള്ളത്. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കാസർഗോഡ് ജില്ലാ ആശുപത്രിയിൽ മുപ്പത്തിയൊൻപതും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നാൽപ്പതും നീലേശ്വരം താലൂക്ക്

ആശുപത്രിയിൽ ഒൻപതും തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ എട്ടും വീതം ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. ഒഴിവുള്ള ഇരുപത്തിയേഴ് തസ്തികകളിൽ ഇരുപത്തിയൊന്ന് എണ്ണത്തിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ അറുപത്തിയഞ്ചോളം ഒഴിവുകളാണുള്ളത്. ഈ ഒഴിവുകളിലേയ്ക്ക് നാൽപ്പത്തിയേഴ് അഡ്ഹോക്ക് ഡോക്ടർമാരെയും പതിനഞ്ച് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെയും കൂടുതലായി അറുപത്തിരണ്ടുപേരെ നിയമിച്ചിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. പി.ജി. കോഴ്സ് കഴിഞ്ഞ് തിരികെ എത്തുന്ന 149 ഡോക്ടർമാരെയും പി.എസ്.സി. ലിസ്റ്റിൽനിന്ന് ജൂലൈ 4-ന് നടത്തുന്ന കൗൺസിലിംഗിലൂടെ ലഭിക്കുന്ന 41 പേരെയും നിയമിക്കുമ്പോൾ കാസർഗോഡ് ജില്ലയ്ക്ക് ഏറ്റവും മുന്തിയ പരിഗണന നൽകികൊണ്ട് ആ ജില്ലയിൽ നിയമിക്കുന്നതാണ്. സ്പെഷ്യാലിറ്റി, ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനങ്ങൾ മഞ്ചേശ്വരം, മുളിയാർ, പനത്തടി, കുമ്പള, പെരിയ, ചെറുവത്തൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ

ജോലിക്കായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് അധിക വേതനമായി ഇരുപതിനായിരം രൂപ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ 1961-ൽ നിശ്ചയിച്ചതാണ്. അത് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചില്ലെങ്കിലും ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിലും അനുബന്ധമായ ആയുർവ്വേദ-ഹോമിയോ വകുപ്പിലും എല്ലാംകൂടി നാലായിരത്തി ഇരുന്നൂറ്റിയൻപതിൽപ്പരം പോസ്റ്റുകൾ ഇതുവരെ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ Blood Component Separation Unit-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 25 കെ.വി. ജനറേറ്റർ ലഭ്യമാക്കിയിട്ടുണ്ട്. ഇത് ഉടൻ പ്രവർത്തനക്ഷമമാകുന്നതാണ്. ഡയാലിസിസ് യൂണിറ്റ് തുടങ്ങാനുള്ള മുറി ഒരുക്കിയെങ്കിലും റാമ്പിന്റെ പൂർത്തിയായിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് വർക്കാണ് അത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് യൂണിറ്റ് തുടങ്ങുവാൻ സാധിക്കും. കാസർഗോഡ് ജില്ലയിൽ ഈ വർഷം 139 ഡെങ്കിപ്പനിയും 74 മലമ്പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറുടെ നേതൃത്വത്തിലും

എം.എൽ.എ.-യുടെ നേതൃത്വത്തിലും മീറ്റിംഗുകളും അവലോകന യോഗങ്ങളും നടക്കുകയുണ്ടായി. നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി, എച്ച്1 എൻ1, എലിപ്പനി, പകർച്ചപ്പനി എന്നിവയ്ക്കുള്ള മരുന്നുകൾ എല്ലാം ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തന്നെ ആവശ്യമായ 206 ഇനം പകർച്ചവ്യാധിക്കുള്ള മരുന്നുകൾ മുൻഗണനാ ക്രമത്തിൽ 30 കോടി രൂപയ്ക്കുവാങ്ങി എല്ലാ ആശുപത്രികളിലും വിതരണം ചെയ്തിട്ടുണ്ട്. ക്രമീകരണങ്ങൾ എല്ലാം തന്നെ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ വിലയിരുത്തിയിട്ടുണ്ട്. എച്ച്.1 എൻ.1 രോഗത്തിന് നൽകുന്ന oseltamivir ഗുളികകൾ 3,90,000 വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ കാരുണ്യ ഫാർമസി വഴി 2,27,000 ഗുളികകളും വാങ്ങി ശേഖരിച്ചിട്ടുണ്ട്. സബ്മിഷനിൽ സൂചിപ്പിച്ച രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. ഏതെങ്കിലും ആശുപത്രിയിൽ മരുന്ന് ലഭ്യമായിട്ടില്ലായെങ്കിൽ അത് അറിയിച്ചാൽ ഉടൻതന്നെ ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ കാഷ്വാലിറ്റി ഇല്ലാത്ത ഒരു സാഹചര്യത്തെ കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുപ്പത്തിയൊന്നോളം

കാഷ്വാലിറ്റി ഇല്ലാത്ത താലൂക്ക് ആശുപത്രികൾ ഉണ്ട്. ആ ആശുപത്രികളിൽ കാഷ്വാലിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതാണ്. 131 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നതാണ്. ആ നടപടികൾ സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുണ്ട്.

## കോടഞ്ചേരി പി.എച്ച്.സി.-യെ സി.എച്ച്.സി.-ആയി ഉയർത്തൽ

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റിയിട്ട് വർഷങ്ങളായി. ദുർബ്ബല വിഭാഗക്കാരും പിന്നോക്ക, എസ്.സി./എസ്.ടി. വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. നിരന്തരമായി ആവശ്യപ്പെട്ടിട്ടും ജീവനക്കാരെ ഇന്നുവരെ ലഭ്യമാക്കിയിട്ടില്ല. പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ബോർഡുവച്ചു എന്നുമാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്റ്റാഫ് ക്രിയേഷൻ സംബന്ധിച്ച് അനുകൂല ഉത്തരവിട്ടിട്ടുണ്ട് (ഫയൽ നം. 65805/ഹെൽത്ത് ബി1/14/ഫൈനാൻസ്). ന്യൂ സർവ്വീസ് സ്കീം അനുസരിച്ച് തസ്തികകൾ നൽകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകുകയാണ്. 6 ഡോക്ടർ വേണ്ടിടത്ത് 1 ഡോക്ടർ, 2 ക്ലർക്ക് വേണ്ടിടത്ത് 1 ക്ലാർക്ക്, 6 സ്റ്റാഫ് നഴ്സ് വേണ്ടിടത്ത്

1 നഴ്സ്, 4 നഴ്സിംഗ് അസിസ്റ്റന്റ് വേണ്ടിടത്ത് 1 നഴ്സിംഗ് അസിസ്റ്റന്റ്. ഇതാണ് അവിടത്തെ ഇപ്പോഴത്തെ സ്ഥിതി. ഇതുതന്നെയാണ് എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ ആശുപത്രികളിലെയും സ്ഥിതി. മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൂടരഞ്ഞി, ചെറുവാടി, തിരുവമ്പാടി പ്രൈമറി ഹെൽത്ത് സെന്ററുകളിലും ജീവനക്കാരില്ല. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുകയാണ്. നിരവധി രോഗങ്ങളുടെ പിടിയിലാണ് മലയോര കുടിയേറ്റ മേഖല. ഈ പ്രദേശങ്ങളെ സംബന്ധിച്ച് നിരന്തരമായ പത്രവാർത്തയും സമരങ്ങളും ഉയരുകയാണ്. എം.എൽ.എ. എന്ന നിലയിൽ ആ പ്രദേശത്തുകൂടി കടന്നുപോകാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. എന്തെങ്കിലും സത്വര നടപടികൾ സ്വീകരിക്കാൻ ഇനിയെങ്കിലും തയ്യാറാകണം എന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് പ്രൈമറി ഹെൽത്ത് സെന്റർ സ്റ്റാഫ് പാറ്റേൺ ആണ്. ഇതിനെ സി.എച്ച്.സി. ആയി ഉയർത്തി അതിലേയ്ക്ക് വേണ്ട സ്റ്റാഫ് ക്രിയേഷൻ ഉൾപ്പെടെയുള്ള ഫയലുകൾ ധനകാര്യ വകുപ്പിന്റെ ഭാഗത്താണ്. സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-6, എൽ.ഡി. ക്ലാർക്ക്-2, സ്റ്റാഫ് നഴ്സ്-5, ലാബ് ടെക്നീഷ്യൻ-1 നഴ്സിംഗ് അസിസ്റ്റന്റ്-2

എന്നിങ്ങനെയുള്ള സ്റ്റാഫ് ക്രിയേഷന്റെ നടപടിക്രമങ്ങൾ നടന്നുവരികയാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി പോസ്റ്റുകൾ ക്രയേറ്റ് ചെയ്ത് നിയമിക്കുന്നതാണെന്ന് അറിയിക്കുകയാണ്.

## കരിമ്പനി രോഗം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മഴക്കാലം വന്നു, പകർച്ചവ്യാധിയും വന്നു. നമ്മുടെ സംസ്ഥാനമാകെ പകർച്ചവ്യാധിയുടെ പിടിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സന്ദർഭമാണ്. അടുത്തിടെയാണ് എന്റെ മണ്ഡലത്തിൽ പ്രത്യേകതരം പകർച്ചവ്യാധി പടർന്നുപിടിച്ചത്. കരിമ്പനി എന്നാണ് പറയുന്നത്. കാലാ ആസർ എന്നാണ് അതിനെ പറയുന്നത്. ഒരു തരം മണൽ ഈച്ച പകർത്തുന്ന രോഗമാണ്. എന്റെ മണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ എടപ്പാറ കോളനിയിൽ ഈ രോഗം ബാധിച്ച് മാരകമായ അവസ്ഥയിൽ ഒരാളെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. വേറെയും ചില ആളുകൾക്ക് രോഗം പടർന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ രോഗം കൂടുതലായി വ്യാപിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഈ

പ്രദേശങ്ങളെല്ലാം ഞാൻ സന്ദർശിക്കുകയുണ്ടായി. ജനങ്ങൾ ആകെ ഭയാശങ്കയിലാണ്, ഈ രോഗം പടർന്നുപിടിക്കുമെന്നുള്ള ഒരു പ്രയാസത്തിലാണ്. അതിന് പരിഹാരം ഉണ്ടാകണമെങ്കിൽ ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. വിവിധ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാം ചൂണ്ടിക്കാണിച്ചൊരു കാര്യമാണ്. ആവശ്യമായ ഡോക്ടർമാരോ പാരാ മെഡിക്കൽ സ്റ്റാഫോ മരുന്നോ പരിശോധിക്കാനുള്ള സംവിധാനങ്ങളോ ഇല്ല. അതിന്റെയെല്ലാം ഫലമായി രോഗം വരുന്ന ആളുകൾ വളരെ ഭീതിയിൽ ആകുകയും ചെയ്തു. അടിയന്തരമായി ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും പരിശോധിക്കാനുള്ള സംവിധാനവും മരുന്നും എത്തിക്കാൻ കഴിയേണ്ടതുണ്ട്. ആവശ്യമായിട്ടുള്ള ബോധവൽക്കരണ പരിപാടികൾ നടത്താൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര പി.എച്ച്.സി.-യുടെ പരിധിയിലുള്ള ഇടപ്പാറ കോളനിയിൽ മേലാറ്റുപറമ്പിൽ വീട്ടിൽ ശ്രീ. ബാബു,

40 വയസ്സ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ 18.06.2015-ൽ കാലാ ആസർ (കരിമ്പനി) ബാധിച്ച് അഡ്മിറ്റ് ചെയ്തു. കാലാ ആസർ രോഗം കൂടുതലായി കാണപ്പെടുന്ന ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ബീഹാർ സംസ്ഥാനങ്ങളിൽനിന്നും വന്ന തൊഴിലാളികളുമായി ഒരുമിച്ച് ജോലി ചെയ്തിരുന്ന ആളാണ് ശ്രീ. ബാബു. ഇടപ്പാറ കോളനിയിൽ 30 വീടുകളും 130 അന്തേവാസികളുമുള്ള ഒരു ഹരിജൻ കോളനിയാണ്. കാലാ ആസർ പുതിയതായി വന്ന രോഗമല്ല. തൃശ്ശൂർ മുള്ളൂർക്കരയിൽ 2006-ൽ ഒരാൾക്ക് ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014-ൽ തൃശ്ശൂർ കൊണ്ടാഴിയിലും ഒരു കേസ് ഉണ്ടായിട്ടുണ്ട്. സാന്റ് ഫ്ലൈ (മണൽ ഈച്ച) വഴിയാണ് ഈ രോഗം പകരുന്നത്. ഈ രോഗത്തിന് കാരണം leishmania എന്ന ഏകകോശ ജീവിയാണ്. രോഗം റിപ്പോർട്ടുചെയ്ത ഉടൻതന്നെ ജില്ലാ റാപ്പിഡ് റെസ്പോൺസ് ടീം സ്ഥലം സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയും രോഗ നിർണ്ണയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. കോളനിയിലും സമീപ പ്രദേങ്ങളിലുമുള്ള ജനങ്ങളെ സ്ക്രീനിംഗ് നടത്തി. പുതിയതായി ആർക്കും രോഗം സ്ഥിരീകരിച്ചിട്ടില്ല. അതുകൊണ്ട് ഭയാശങ്ക ഉണ്ടാകേണ്ട കാര്യമില്ല. 2015 ജൂൺ 22, 23 തീയതികളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് മണൽ ഈച്ചകളുടെ സാനിധ്യം അറിയുന്നതിന് രാത്രികാല സർവ്വേ നടത്തി. ജൂൺ 23-ന് ആരോഗ്യ

വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീം സ്ഥലം സന്ദർശിച്ച് കാര്യകാരണങ്ങൾ വിശകലനം ചെയ്തു. ജൂൺ 24 മുതൽ സംസ്ഥാന എൻഡമോളജി ടീമും സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി. തുടർന്ന് കോളനിയിലും പരിസരത്തുമുള്ള വീടുകൾ സന്ദർശിച്ച് ചുമരുകളിൽ Alpha-cypermethrin എന്ന കീടനാശിനി സ്പ്രേ ചെയ്തു. കൂടാതെ പരിസര ശുചീകരണം, ബോധവൽക്കരണം, പനി പരിശോധന തുടങ്ങിയവയും നടത്തി. 'ജാഗ്രത 2015' എന്ന പരിപാടിയിലൂടെ സംസ്ഥാനത്തുടനീളം അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ജൂൺ 28-ന് രോഗപരിശോധനയും ബോധവൽക്കരണവും നടത്തുകയുണ്ടായി. ജൂലായ് 5, 12 തീയതികളിൽ ഇത് ആവർത്തിക്കുകയാണ്. സംസ്ഥാനത്ത് എല്ലാ അന്യസംസ്ഥാന തൊഴിലാളികൾക്കും സ്ക്രീനിംഗും ചികിത്സയും സൗജന്യമായി നടത്തുന്നതിന് എമിഗ്രന്റ് സ്ക്രീനിംഗ് പ്രോഗ്രാം നടപ്പിലാക്കും. എല്ലാ മൈഗ്രന്റ് ലേബർ ക്യാമ്പുകളും മെഡിക്കൽ ടീം സന്ദർശിച്ച് ബോധവൽക്കരണവും സ്ക്രീനിംഗും സൗജന്യ ചികിത്സയും നൽകുന്നതാണ്. ഓരോ ജില്ലയിലും ഓരോ ഡെപ്യൂട്ടി ഡി.എം.ഒ.-യെ നോഡൽ ഓഫീസറായി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. വീടുകളുടെ മണൽ/ഹോളോ ബ്രിക്സ് ഭിത്തികളും ശരിയായ രീതിയിൽ പ്ലാസ്റ്റർ ചെയ്ത് മണൽ ഈച്ചകളുടെ ആവാസകേന്ദ്രം ഇല്ലാതാക്കുന്ന പരിപാടികൾ പഞ്ചായത്ത്

എസ്.സി./എസ്.ടി. വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു. കാലാ ആസർ രോഗ നിർണ്ണയത്തിനുള്ള റാപ്പിഡ് ടെസ്റ്റ് കിറ്റ് (ആർ.കെ. 39 കിറ്റ്) ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ചികിത്സയ്ക്കുള്ള മരുന്ന്, ഇൻജക്ഷൻ- Amphotericin തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലഭ്യമാണ്. തൃശ്ശൂർ ജില്ലയിൽ നിലവിലുണ്ടായിരുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകളും നികത്തിയിട്ടുണ്ട്. ചേലക്കര നിയോജകമണ്ഡലത്തിലെ 11 ആരോഗ്യസ്ഥാപനങ്ങളിൽ നിലവിൽ അഞ്ച് ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത്. അത് നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനിബാധിച്ച സമയങ്ങളിൽ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവെന്നുപറയുന്നത്, 1961-ലെ സ്റ്റാഫ് പാറ്റേണാണ്. അന്നൊക്കെ 50 രോഗികളായിരിക്കും ഒരു ആശുപത്രിയിൽ വരുന്നത്. ഇന്ന് ഇരുന്നൂറും മുന്നൂറും പേരാണ് വരുന്നത്. അതിന്റേതായ ബുദ്ധിമുട്ടാണ് നമ്മുടെ സംസ്ഥാനത്ത് ഈ സീസണിലുണ്ടാകുന്നത്. എൻ.ആർ.എച്ച്.എം. മുഖേന പരമാവധി ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 65 ഡോക്ടർമാരുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് വേക്കൻസിയുണ്ട്. അതനുസരിച്ച് നിയമിച്ചിട്ടുമുണ്ട്.

കൂടുതലായി ഡോക്ടർമാരെ നിയമിക്കണമെങ്കിൽ സ്റ്റാഫ് പാറ്റേൺ മാറ്റണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ മാത്രം 2500 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1200 ഓളം പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഹോമിയോ വകുപ്പ് 450 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിൽ ഏകദേശം 250-ഓളം പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഘട്ടം ഘട്ടമായി നമ്മൾ ചെയ്തുകൊണ്ടുവരികയാണ്. 1961 എന്ന കാലഘട്ടത്തിൽ നിന്നും എത്രത്തോളം മാറ്റമുണ്ടായി എന്നതാണ് കണക്കാക്കേണ്ടത്. നിലവിലുള്ള ഒഴിവുകൾ മുഴുവൻ നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഡോക്ടർമാർ ഇല്ലെന്നു പറയുമ്പോൾ, പി.എസ്.സി. ലിസ്റ്റിൽ നിന്നും ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞാൽ അവർ ജോയിൻ ചെയ്യുന്ന ആഴ്ചതന്നെ ലീവെടുത്ത് പോകും. ആ വേക്കൻസി നികത്താൻ കഴിയില്ല. അങ്ങനെ എം.ഡി.-ക്ക് പഠിക്കാൻ പോയ 150-ഓളം ഡോക്ടർമാർ ഈ മാസം വരുന്നുണ്ട്. ആ 150 ഡോക്ടർമാരേയും ഈ മാസം പോസ്റ്റ് ചെയ്യുന്നതാണ്. അതോടൊപ്പംതന്നെ പി.എസ്.സി. ലിസ്റ്റിലുള്ള ഏകദേശം 50-ഓളം ഡോക്ടർമാർക്ക് ജൂലൈ 4-ന് കൗൺസിലിംഗ് വച്ചിട്ടുണ്ട്. ഏകദേശം 200 ഓളം ഡോക്ടർമാരുടെ ഒഴിവുകൾ

ജ്ജൂലൈ മാസത്തിൽ നികത്തും. പിന്നെ ആരോഗ്യ വകുപ്പിലുള്ള 25-ഓളം പോസ്റ്റുകളുടെ വേക്കൻസി മാത്രമാണുള്ളത്. ഇതിന് പി.എസ്.സി. ലിസ്റ്റുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കണമെന്ന് പറഞ്ഞു, അത് ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ആ ലിസ്റ്റിൽനിന്നും ആളിനെ എടുത്തുകൊണ്ടിരി ക്കുകയാണ്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ ഡോക്ടർമാരെ നിയോഗിക്കേണ്ടതുണ്ട്. അത് ഘട്ടംഘട്ടമായി ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>കാലവർഷക്കെടുതി</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഒരാഴ്ചയോളമായി പെയ്യുന്ന മഴയും കാറ്റും മണ്ണാർക്കാട് താലൂക്കിലുണ്ടാക്കിയ ദുരന്തങ്ങൾ വളരെ വലുതാണ്. ഏറ്റവും രൂക്ഷമായ സ്ഥിതിവിശേഷമുള്ളത് അട്ടപ്പാടി മേഖലയിലാണ്. ഇവിടെ 200 ഓളം വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. വ്യാപകമായ കൃഷിനാശം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. ഉരുൾപൊട്ടി ധാരാളം റോഡുകൾ ഒലിച്ചുപോയിട്ടുണ്ട്. ഇതുവഴി അട്ടപ്പാടിയിലെ ഗതാഗതം താറുമായിരിക്കുകയാണ്. അട്ടപ്പാടിയിലെ മൂഞ്ചിക്കടവ്-കോട്ടമല പ്രദേശത്തെ 85-ഓളം കുടുംബങ്ങൾ തൊട്ടടുത്ത സ്കൂളിലാണ് താമസിക്കുന്നത്. കോട്ടമല

ഗവൺമെന്റ് എൽ.പി. സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പുണ്ട്. പള്ളിയറ പ്രദേശത്തെ 50-ഓളം കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പിലാണ്. ചിറ്റൂർ-ദുണ്ടൂർ പ്രദേശങ്ങളിലും വീടുകൾ തകർന്നിട്ടുണ്ട്. കൃഷിനാശം അട്ടപ്പാടിയിൽ ഉടനീളം വ്യാപകമാണ്. ഏകദേശം 20 കോടിയോളം രൂപയുടെ നാശനഷ്ടങ്ങളാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. വളരെ ഭീതിതമായ ഒരു ചിത്രമാണ് കാണാൻ സാധിക്കുന്നത്. റോഡ് മുഴുവൻ ബ്ലോക്കായി എവിടേയും ഗതാഗതത്തിന് പറ്റാത്ത സ്ഥിതിവിശേഷം, ആളുകളൊക്കെ ദുരിതാശ്വാസ ക്യാമ്പിൽ, ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷമാണ്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. ഇവിടെ വീട് തകർന്നവർക്ക് അടിയന്തര ധനസഹായം നൽകാൻ പ്രത്യേക പദ്ധതിയുണ്ടാകണം. സാധാരണരീതിയിൽ ധനസഹായം പ്രഖ്യാപിച്ചാൽ വളരെ സമയം കഴിഞ്ഞാണ് അത് കിട്ടുന്നത്. അവിടെ താമസിക്കുന്നത് പാവപ്പെട്ട കർഷകരാണ്. അവർക്ക് മറ്റൊരു മാർഗ്ഗവുമില്ല. ഒരു പ്രത്യേക പാക്കേജായി അവർക്ക് സഹായം നൽകാനുള്ള സൗകര്യമുണ്ടാകണം. മുഞ്ചിക്കടവ്-കോട്ടമല പ്രദേശത്ത് താമസിക്കുന്ന ആൾക്കാർക്ക് മറ്റൊരു വിഷയം കൂടിയുള്ളത്, അവിടെ മലയിൽ വിള്ളൽ വീണ സാഹചര്യത്തിൽ ഇനി അവിടെ

താമസിക്കുന്നത് അപകടകരമായതിനാൽ അട്ടപ്പാടിയിലെ മിച്ചഭൂമി ഈ വീട്ടുകാർക്ക് പതിച്ചുനൽകുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കണം. അവർക്ക് തിരികെ ആ വീട്ടിൽപ്പോയി താമസിക്കാൻ സാധിക്കില്ല. മലയിൽ വലിയ തോതിലുള്ള വിള്ളൽ രൂപപ്പെട്ടിട്ടുണ്ട്. ഇനിയൊരു ചെറിയൊരു മഴയോ കാറ്റോ ഉണ്ടായാൽ അവിടെ താമസിക്കുന്നത് ജീവന് തന്നെ ഭീഷണിയാണ്. അതുകൊണ്ട് അവർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കാൻ ഒരു പ്രത്യേക പാക്കേജുണ്ടാക്കണം. തകർന്ന റോഡുകൾ, വൈദ്യുതി, ജലവിതരണം മുതലായവ പുനഃസ്ഥാപിക്കുന്നതിനും കൃഷിക്കാർക്ക് ഇതുവരെ കൊടുത്തുതീർക്കുവാനുള്ള നഷ്ടപരിഹാരവും ഇപ്പോഴത്തെ നഷ്ടപരിഹാരവും ഒരുമിച്ചു നൽകുവാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാലവർഷക്കെടുതിയിൽ കഴിഞ്ഞ ദിവസങ്ങളിൽ അട്ടപ്പാടി മേഖലയിലുണ്ടായ കനത്ത നാശനഷ്ടങ്ങൾ സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ പ്രാഥമികമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, ഷോളയൂർ, പുത്തൂർ പഞ്ചായത്തുകളിൽ പൊതുവായും അഗളി പഞ്ചായത്തിലെ നെല്ലിമെതി,

കോട്ടമല, പുല്ലിയറ, ചുണ്ടക്കുളം എന്നീ പ്രദേശങ്ങളിൽ പ്രത്യേകിച്ച് കനത്ത മണ്ണിടിച്ചിൽമൂലവും മരങ്ങൾ കടപഴകി വീണതുമൂലവും ഏകദേശം 170 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും മണ്ണും പാറയും വീണ് റോഡുകൾ തകരുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ വ്യാപകമായ കൃഷിനാശവുമുണ്ടായിട്ടുണ്ട്. കനത്ത മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ അഗളി പഞ്ചായത്തിലെ 82 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് മറ്റ് 50 കുടുംബങ്ങളെക്കൂടി മറ്റൊരു ക്യാമ്പിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നുള്ളതാണ്. ഇനിയും കൂടുതൽ ക്യാമ്പുകൾ തുറക്കേണ്ടിവന്നാൽ അത് തുറക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. ആദിവാസി കുടുംബങ്ങൾ ഏറെയുള്ള ഈ മേഖലയിൽ ജനങ്ങളുടെ ദുരിതങ്ങൾക്ക് താൽക്കാലിക പരിഹാരമെന്നുള്ള നിലയിൽ അട്ടപ്പാടി മേഖലയിൽ മുഴുവൻ കുടുംബങ്ങൾക്കും രണ്ടാഴ്ചത്തെ സൗജന്യ റേഷൻ അനുവദിച്ച് 26.6.2015-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സംഭവമുണ്ടായ ദിവസം തന്നെ എന്നെയും ബഹുമാന്യനായ മുഖ്യമന്ത്രിയേയും ടെലഫോണിൽ ബന്ധപ്പെട്ടിരുന്നു. സൗജന്യറേഷൻ നൽകുന്നതിന് വേണ്ട നടപടികൾ

സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചാണ് സൗജന്യറേഷൻ നൽകാൻ 26.6.2015-ന് തന്നെ ഉത്തരവിറക്കിയിട്ടുള്ളത്. ഏകദേശം അഞ്ചരക്കോടി രൂപയോളം പ്രാഥമികമായ നഷ്ടമുണ്ടായതായാണ് ജില്ലാകളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. നാശനഷ്ടങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ  പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നതിന് വകുപ്പുമന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി  നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള മറ്റൊരുകാര്യം വീടുകൾ തകർന്നവർക്ക് അടിയന്തര സഹായം നൽകണമെന്നുള്ളതാണ്. തീർച്ചയായും കൃഷിക്കാർക്കും വീടുകൾ തകർന്നിട്ടുള്ള ആളുകൾക്കും അടിയന്തര സഹായം നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സീകരിക്കുന്നതാണ്. അട്ടപ്പാടിയിലെ മിച്ചഭൂമി പതിച്ചുനൽകണമെന്ന ആവശ്യം അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ച് പരിശോധന നടത്തുന്നതാണ്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുന്നമെന്നത് സംബന്ധിച്ച് ഗവൺമെന്റ്

ആലോചിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതാണ്.